'ഭരണഭാഷ മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ഇൻഷ്വറൻസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി 2 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.40/2025/ധന** **തീയതി, തിരുവനന്തപുരം, 01-04-2025**

പരാമർശം -
1. 05/11/2020 തീയതിയിലെ സ.ഉ (അ) നം 152/2020-ധന നമ്പർ ഉത്തരവ്
2. 14/03/2013 -ലെ സ.ഉ.(കൈ) നം 72/2013/പൊ.ഭ.വ
3. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 01/08/2024, 10/01/2025 തീയതികളിലെ ഇൻഷ്വ/ഡെവ.വിംഗ്/ഡിവി4/റ്റി002109979 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ഡയറക്ടറേറ്റിലേയും ജില്ലാ ഓഫീസുകളിലേയും ആവശ്യങ്ങൾക്കുള്ള വാഹനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് Maruti Ertiga Smart Hybrid XZI, Maruti XL6 Smart Hybrid Zeta എന്നീ രണ്ട് വാഹനങ്ങൾ GEM പോർട്ടൽ മുഖേന വാങ്ങുന്നതിന് അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി പരാമർശം (1) ഉത്തരവിലെ പതിമൂന്നാം ഖണ്ഡികയിലും, പരാമർശം (2) ഉത്തരവിലെ 5 (iii) ഖണ്ഡികയിലും ഇളവ് വരുത്തി കൊണ്ട് Maruti Ertiga Smart Hybrid XZI, Maruti XL6 Smart Hybrid Zeta എന്നീ രണ്ട് വാഹനങ്ങൾ GEM പോർട്ടൽ മുഖേന വാങ്ങുന്നതിന് ഇൻഷ്വറൻസ് പ്രീമിയവും രജിസ്ട്രേഷൻ ഫീസുമുൾപ്പെടെ **20,25,000/- രൂപയുടെ** (ഇരുപത് ലക്ഷത്തി ഇരുപത്തിയ്യായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പ്രസ്തുത ചെലവ് **"2235-60-110-99-00-21-01-Purchase of Vehicles NV"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. എ ജയതിലക് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരളം , തിരുവനന്തപുരം
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
പൊതുഭരണ (എസ്.സി) വകുപ്പ് (26.03.2025 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ 2788)
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (ഇ.2581280/എസ്റ്റാ-ഡി2/124/2023-ധന)

ഉത്തരവിന് പ്രകാരം

സെക്ഷൻ ഓഫീസർ